Week- 3

# Weekly Devotion - May 2018

# The caring Son

## (കരുതുന്ന മകൻ)



കേരളത്തിലെ ഒരു പട്ടണത്തിൽ Medical Store നടത്തിയിരുന്ന മനുഷ്യന് ഒരിക്കൽ അനാഥനായ ഒരു ബാലനോട് ദയവു തോന്നി. ഭക്ഷണം വാങ്ങി വിശപ്പടക്കണം എന്നാഗ്രഹിച്ച് കൈ നീട്ടിയ കുഞ്ഞ് അറിഞ്ഞില്ല എന്നേക്കും തന്റെ ആശ്രയമാകുന്ന ഒരു വലിയ മനുഷ്യന്റെ മുമ്പിലാണ് താൻ എത്തിയതെന്ന്. അനാഥനായ ബാലനോട് സഹതാപം തോന്നിയ മുതലാളി അവനെ സ്വീകരിച്ച് തന്റെ 5 മക്കളോടൊപ്പം വളർത്തി. മാതാപിതാക്കൾ ക്ഷീണിതരായപ്പോൾ തന്റെ മക്കളെ വിളിപ്പിച്ച് കുടുംബസ്ഥരായ അവർക്കുള്ള വീതമായി തന്റെ സ്വത്ത് പങ്കുവച്ച് നൽകി. തമ്മിലടിച്ച് സ്വത്ത് കൈക്കലാക്കിയവരാരും മാതാപിതാക്കളെ സ്വീകരിച്ചില്ല. പ്രത്യേകിച്ച്

പരസഹായം ആവശ്യമുള്ള മാതാവിനെ ആരും സ്വീകരിപ്പാൻ തയ്യാറായില്ല. ഇതെല്ലാം കണ്ടുകൊണ്ടു നിന്ന വളർത്തു മകൻ പറഞ്ഞു അപ്പച്ചാ, അമ്മച്ചി നിങ്ങളെ ഞാൻ സംരക്ഷിക്കും. സ്വത്തല്ല എനിക്കു തന്ന സ്നേഹം കരുതൽ അതാണ് വലുത്, ബലഹീനയായ മാതാവിനെ അവൻ ചേർത്തുപിടിച്ച് ചുംബിച്ച പ്പോൾ അവരുടെ കണ്ണിൽക്കൂടി സ്നേഹത്തിന്റെ , സന്തോഷത്തിന്റെ ചുടുകണ്ണീർ ഒഴുകി.

അതേ; എല്ലാം സഹിക്കുന്ന, എല്ലാം ക്ഷമിക്കുന്ന , ദയകാണിക്കുന്ന , സത്യ ത്തിൽ സന്തോഷിക്കുന്ന , എല്ലാം പൊറുക്കുന്ന , ദോഷം ഒരിക്കലും ചിന്തിക്കാത്ത സ്നേഹമാണ് അമ്മയുടെ സ്നേഹം. ജീവിത വ്യഥകൾ തളർത്തുമ്പോഴും , മക്ക ളാൽ അവഗണിക്കപ്പെടുമ്പോഴും ആ സ്നേഹം വെറുപ്പായി മാറുന്നില്ല. അമ്മയുടെ കണ്ണുനീരും പ്രാർത്ഥനയും മറക്കാത്തവർ മാത്രമേ അനുഗ്രഹീതരാകുന്നുള്ളൂ.

അതിവ്യഥയിലും തന്റെ മാതാവാനെ ഓർത്ത നസറായൻ ഇന്നത്തെ തലമു റയ്ക്ക് ഒരു നല്ല മാതൃകയാണ്. അമ്മ മക്കളെ വളർത്തുവാൻ പലപ്പോഴും വിശപ്പു സഹിച്ചു എങ്കിൽ മക്കൾ സമ്പന്നരാകുമ്പോഴും മാതാവിനെ വിശപ്പിന്റെ ഇരുട്ടി ലേക്ക് തള്ളിയിടരുതേ. മറ്റാരുടെയും വാക്കുകളല്ല അമ്മയോടുള്ള സ്നേഹത്തിൽ നിങ്ങളെ ഭരിക്കേണ്ടത്, നിങ്ങളിൽ അവർ പകർന്നു തന്ന സ്നേഹത്തിന്റെ വലിപ്പ മാണ് ഭരിക്കേണ്ടത്. ‘അമ്മ’ എന്നുള്ള രണ്ടക്ഷരം English ഭാഷയിൽ ആറക്ഷര മുള്ള വാക്കാകുന്നു. (Mother) - means

M- Manything she gave me

O - She is growing old

T- Tears shed for me in her prayers

H - Her heart of purest gold.

E - Her eyes light with love

R- She will always be right

യേശുവിന്റെ അമ്മ മറിയ ‘ഭാഗ്യവതി’ എന്ന പേർ കേട്ടപ്പോഴും താൻ അനുഭ വിക്കേണ്ട കഷ്ടതയുടെ ആഴം ഇത്ര കഠിനമെന്ന് ചിന്തിച്ച് കാണുകയില്ല. ഒരു

സ്ത്രീയും ഇന്നുവരെ അനുഭവിക്കാത്ത നിന്ദയും കഠിന വ്യഥയും സഹിച്ചവളാണ് മറിയ. സ്വന്ത പ്രാണനിൽക്കൂടി ഒരു വാൾ കടക്കുമെന്ന് നാളുകൾക്കു മുമ്പ് ശീമ്യോൻ യെറുശലേമിൽ വച്ച് പറഞ്ഞത് ക്രൂശീകരണത്തോടെ സംഭവിച്ചു. ഇവിടെയാണ് സ്വാന്തനത്തിന്റെ കരസ്പർശം ആവശ്യം . തക്കസമയങ്ങളിൽ ലഭിക്കുന്ന സഹായത്തിന് വളരെ വിലയുണ്ട്. ആ അവസരങ്ങളെ ആർക്കും മറക്കുവാൻ കഴിയുകയില്ല.

ഇവിടെ യേശു അമ്മയെ ഏല്പിച്ചത് അവരുടെ മറ്റു മക്കളെ അല്ലായിരുന്നു. പണവും പദവിയും മാതാപിതാക്കളെക്കാൾ വലുത് എന്നു കാണുന്ന ഇന്നത്തെ ചിലരെപ്പോലെ ആയിരുന്നു മറിയയുടെ മറ്റു മക്കൾ. അതിനാൽ തന്റെ പ്രീയപ്പെട്ട ശിഷ്യനു വേണ്ടി ആ ദയനീയ കണ്ണുകൾ തെരഞ്ഞു. ഭയപ്പെട്ടോടി ശിഷ്യൻമാരുടെ കൂട്ടത്തിൽ ഓടിപ്പോയ യോഹന്നാനെയാണ് യേശു നോക്കിയത്. സ്നേഹം ഭയത്തെ പുറത്താക്കിയതിനാൽ അദ്ദേഹം മടങ്ങി വന്നിരുന്നു.ആ പ്രീയ ശിഷ്യനെ മകനായി സ്വീകരിച്ച് സമാധാനിപ്പാൻ അമ്മയെ ഏല്പിക്കുന്നതോടൊപ്പം , ഈ സ്ത്രീയെ നിന്റെ അമ്മയായി ഏറ്റെടുത്ത് , കരുതി,സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം ഏല്പിക്കുന്നു എന്ന് പ്രീയ ശിഷ്യനായ യോഹന്നാനോടും പറഞ്ഞു. അന്നു മുതൽ അവൻ അവരെ വീട്ടിൽ കൈക്കൊണ്ടു എന്ന് വചനം പറയുന്നു.

പ്രീയ കുഞ്ഞുങ്ങളേ ! അന്ത്യംവരെ മാതാപിതാക്കളെ സംരക്ഷിക്കുക. അവരുടെ പണത്തിനേക്കാൾ വലുത് പ്രാർത്ഥനയും , സ്നേഹവുമാണ്. മാതാപിതാക്കളെ നിങ്ങളുടെ മക്കളെ പ്രാർത്ഥനയോടെ ദൈവ കരത്തിൽ ഏല്പിക്കുക, കുടുംബങ്ങൾ , തലമുറകൾ അനുഗ്രഹിക്കപ്പെടട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind